**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് – 2018 ലെ ലോകപരിസ്ഥിതി ദിന (ജൂൺ 5 ) ത്തിൽ വൃക്ഷവത്കരണത്തിനു സന്നദ്ധമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമസ്ഥാപനങ്ങൾ മുതലായവക്ക് ഈ വർഷം സൗജന്യമായി തൈകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു ഉത്തരവാകുന്നു.

---

**വനം വന്യജീവി(ഇ)വകുപ്പ്**

**സ.ഉ.(സാധാ) നം.263/2018/വനം** തീയതി,തിരുവനന്തപുരം, 02/06/2018

---

പരാമർശം:- 1 സ.ഉ. (സാധാ) നം. 208/2016/വനം.തീയതി 04.06.2016

2 സ.ഉ. (സാധാ) നം. 159/2017/വനം.തീയതി 22.04.2017

3 സ.ഉ. (സാധാ) നം. 188/2017/വനം.തീയതി 18.05.2017

4. സർക്കുലർ നം.69/ഇ3/2017/വനം, തീയതി 17/01/2018.

**ഉത്തരവ്**

ഹരിതകേരളം പദ്ധതിക്കാവശ്യമായ തൈകൾ സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ വളർത്തിയെടുത്ത്, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സൗജന്യമായും ഇതരസംഘടനകൾക്കു സഹായ നിരക്കിലും വിതരണം ചെയ്തുവരുന്നു. അങ്ങനെ വിതരണം ചെയ്യുന്ന തൈകളുടെ നിരക്കു പുനഃക്രമീകരിച്ചു കൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിട്ടുണ്ട്

സംസ്ഥാനത്തിന്റെ ഹരിതവത്കരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും മുൻതൂക്കം നൽകിക്കൊണ്ട് ബൃഹത്തായ 'ഹരിത കേരളം മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതിനാൽ വനം വകുപ്പും ഹരിത കേരളം മിഷനുമായി സഹകരിച്ച് മറ്റു വകുപ്പുകളുടെ സഹകരണത്തോടെ ഈ വർഷം ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിപുലമായ വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. വൃക്ഷവൽക്കരണ പരിപാടിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്താൽ മാത്രമേ ലക്ഷ്യം പൂർത്തീകരിക്കാനാവൂ എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2017 ൽ സൂചന 3 പ്രകാരം കേരള വനം വകുപ്പ് , പരിസ്ഥിതി വകുപ്പ് , ഹരിത കേരളം മിഷൻ എന്നിവ സംയുക്തമായി നടത്തുന്ന മേൽ പദ്ധതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ , യുവജന സംഘടനകൾ , മത സ്ഥാപനങ്ങൾ , സർക്കാർ ഇതര സ്ഥാപനങ്ങൾ , മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷ വൽക്കരണം നടത്തുന്ന ആവശ്യത്തിലേക്കായി തൈകൾ സൗജന്യമായി നൽകി ഉത്തരവായിരുന്നു. ആയതു പ്രകാരം 2018 ലും മേൽ വിവരിച്ച സ്ഥാപനങ്ങൾക്ക് ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷവൽക്കരണം നടത്തുന്ന ആവശ്യത്തിലേക്കായി തൈകൾ സൗജന്യമായി നൽകാൻ ഉത്തരവാകുന്നു . ടി സ്ഥാപനങ്ങൾ , തൈകൾ അതതു വനം വകുപ്പ് ഓഫീസുകളിൽ നിന്നും നേരിട്ട് കൈപ്പറ്റേണ്ടതാണ്.

സൗജന്യമായി തൈകൾ കൈപ്പറ്റുന്ന സ്ഥാപനങ്ങൾ സൂചന (4) സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തങ്ങൾക്ക് ലഭിച്ച തൈകൾ ലോക പരിസ്ഥിതി ദിനത്തിന്റെ അന്തസ്സത്തയ്ക്കൊത്ത വിധം കൃത്യമായും നടേണ്ടതും , സംരക്ഷിച്ച് വളർത്താൻ ശ്രദ്ധിക്കേണ്ടതും ടി തൈകൾ യാതൊരു കാരണവശാലും വിലയ്ക്ക് വിൽക്കുവാനോ നടാതെ മാറ്റിവയ്ക്കുവാനോ പാടില്ലാത്തതുമാകുന്നു. ഇക്കാര്യം വനം വകുപ്പ് അധികൃതർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും സൂചന (4) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള റിപ്പോർട്ട് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സബിത എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

1. സെക്രട്ടറി , പൊതുവിദ്യാഭ്യാസ വകുപ്പ്
2. സെക്രട്ടറി , ഉന്നതവിദ്യാഭ്യാസ വകുപ്പ്

3. സ്പെഷ്യൽ സെക്രട്ടറി , തദ്ദേശ സ്വയം ഭരണ വകുപ്പ്
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (HoFF), തിരുവനന്തപുരം
5. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (SF), തിരുവനന്തപുരം
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ)   , കേരള, തിരുവനന്തപുരം
8. ധനകാര്യ(അഗ്രി.ബി)വകുപ്പ്
9. (പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
10. ഡോ. ടി.എൻ. സീമ , വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ
11. ഡയറക്ടർ,ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:

1) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2) വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
4) ഡെപ്യൂട്ടി സെക്രട്ടറി (വനം വന്യജീവി വകുപ്പ്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ